പതിനാലാം കേരള നിയമ സഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3732 — 15.05.2017 ൽ മറുപടിക്ക്

## മയ്യനാട് എച്ച്.എസ്.എസ് സ്കൂളിലെ അദ്ധ്യാപകന്റെ സസ്പെൻഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. എസ്. ശബരീനാഥൻ | പ്രൊഫ. സി. രവീന്ദ്രനാഥ്<br>ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി |
| (എ) മയ്യനാട് എച്ച്.എസ്.എസ്. സ്കൂളിലെ കണക്ക് അദ്ധ്യാപകനായിരുന്ന ശ്രീ. സുനിൽദത്തിനെ 2.8.2011 മുതൽ മാനേജ്മെന്റ് സർവ്വീസിൽ നിന്ന് സസ്പെന്റ് ചെയ്തിരുന്നോ; വ്യക്തമാക്കാമോ; | (എ) 26.08.2011 മുതൽ ശ്രീ. എസ്. സുനിൽദത്ത് സസ്പെൻഷനിലാണ്. |
| (ബി) അദ്ധ്യാപകന് എതിരെയുള്ള ആരോപണങ്ങളെക്കുറിച്ച് അന്വേഷണം നടത്തി വിദ്യാഭ്യാസ വകുപ്പും സർക്കാരും ടിയാനെ സർവ്വീസിൽ വീണ്ടും പ്രവേശിപ്പിക്കണമെന്ന് മാനേജ്മെന്റിനോട് ആവശ്യപ്പെട്ടിരുന്നോ; | (ബി) ശ്രീ. എസ്. സുനിൽദത്തിനെ സർവ്വീസിൽ പുനഃപ്രവേശിപ്പിക്കാൻ 14/09/15 ലെ ജി.ഒ (ആർ ടി)നം.4082/15/പൊ.വി.വ പ്രകാരം മാനേജ് മെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) മാനേജ്മെന്റ് പ്രസ്തുത നിർദ്ദേശം അനുസരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സർക്കാർ ഉത്തരവ് ലംഘിച്ച മാനേജർക്കെതിരെ കേരള വിദ്യാഭ്യാസ ചട്ടമനുസരിച്ച് നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ? | (സി) ശ്രീ. എസ്. സുനിൽദത്തിനെ സേവനത്തിൽ പുനഃപ്രവേശിപ്പിക്കാനുള്ള ഉത്തരവിനെതിരായി മാനേജർ ബഹു. ഹൈക്കോടതിയിൽ 8710/2017 നമ്പരായി റിട്ട് പെറ്റീഷൻ ഫയൽ ചെയ്യുകയും ആയതിന്മേൽ താല്ക്കാലിക സ്റ്റേ നേടിയിട്ടുമുള്ളതിനാൽ തുടർ നടപടികൾ സ്വീകരിക്കുന്നതിന് തത്ക്കാലം നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ